"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കരുനാഗപ്പള്ളി നഗരസഭ - പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് - ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2509/2025/LSGD തീയതി,തിരുവനന്തപുരം, 16-10-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.09.2022 തീയതിയിലെ E3(PE09/2021/KOLLAM)10178/2021 നമ്പർ കത്തും അനുബന്ധ രേഖകളും
2. മുൻ നഗരസഭാ സെക്രട്ടറിമാരായ ശ്രീമതി. ഷെർലാ ബീഗം , ശ്രീ.ഫൈസൽ.എ ,മുൻ അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ , നഗരസഭാ സൂപ്രണ്ട് ശ്രീ. മനോജ് കുമാർ എന്നിവർക്ക് നൽകിയ 13.01.2025 തീയതിയിലെ ഇയു4/242/2022-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീമതി. ഷെർലാ ബീഗം സർപ്പിച്ച 14.02.2025 തീയതിയിലെ പ്രതിവാദ പത്രിക
4. ശ്രീ.ഫൈസൽ.എ സർപ്പിച്ച 05.02.2025 തീയതിയിലെ പ്രതിവാദ പത്രിക
5. ശ്രീമതി. സിൽവിയ സർപ്പിച്ച പ്രതിവാദ പത്രിക.
6. ശ്രീ. മനോജ് കുമാർ സർപ്പിച്ച 28.01.2025 തീയതിയിലെ പ്രതിവാദ പത്രിക
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.08.2025 തീയതിയിലെ LSGD/PD/7332/2023-VIGA4 നമ്പർ കത്ത്.

**ഉത്തരവ്**

കരുനാഗപ്പള്ളി നഗരസഭയിലെ PMAY പദ്ധതിയുടെ ചാർജ്ജ് ഉണ്ടായിരുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് ശ്രീ. വിഷ്ണു ചന്ദ്രൻ, ടി പദ്ധതി ഗുണഭോക്താവായ ശ്രീമതി. നൂർജഹാൻ എന്ന ആൾക്ക് ആനുകൂല്യമായി ലഭിക്കേണ്ട 4 ലക്ഷം രൂപയ്ക്ക് പകരം 4,30,000/- രൂപ നൽകിയിട്ടുള്ളതും അധികം കൊടുത്ത 30,000/- രൂപ വിഷ്ണു ചന്ദ്രൻ തന്നെ നേരിട്ട് ഗുണഭോക്താവിൽ നിന്നും വാങ്ങി ആയത് നഗരസഭാ സെക്രട്ടറിയെ ഏൽപ്പിക്കാതെയും നഗരസഭയുടെ PMAY അക്കൗണ്ടിൽ തിരികെ അടയ്ക്കാതിരിക്കുകയും മറ്റൊരു ഗുണഭോക്താവായ ശ്രീമതി. സിന്ധുവിന് PMAY പദ്ധതി പ്രകാരം 3 ലക്ഷം രൂപ മാത്രം നൽകുകയും എന്നാൽ രജിസ്റ്ററിൽ 4 ലക്ഷം നൽകിയതായി രേഖപ്പെടുത്തുകയും, വിഷ്ണു ചന്ദ്രൻ ക്യാഷ്യർ തസ്തികയിൽ ചുമതല വഹിച്ചിരുന്ന സമയം വിവിധ സ്ഥാപനങ്ങളിൽ നിന്നും നഗരസഭാ അക്കൗണ്ടിലേക്ക് തൊഴിൽ/വസ്തു നികുതി ഇനത്തിൽ ലഭിച്ച

ചെക്കുകൾ യഥാസമയം കളക്ഷന് വേണ്ടി ബാങ്കുകളിൽ ഹാജരാക്കിയിട്ടില്ലെന്നും മറ്റുമുള്ള ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പ്രാഥമിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. PMAY പദ്ധതി കൈകാര്യം ചെയ്ത് വരവെ ശ്രീമതി. സിന്ധു സുരേഷ് എന്ന അപേക്ഷകയ്ക്ക് 4,00,000/- രൂപ ഗഡുക്കളായി ലഭിക്കേണ്ടിയിരുന്നതും എന്നാൽ ഓഫീസ് രജിസ്റ്ററിനകത്ത് പിശകായി രേഖപ്പെടുത്തിയത് കാരണം ടിയാൾക്ക് പൂർണ്ണമായ തുക ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിന് PMAY-യുടെ ചാർജ്ജ് ഉണ്ടായിരുന്ന ഉദ്യോഗസ്ഥനായ ശ്രീ. വിഷ്ണു ചന്ദ്രനും ടി പദ്ധതിയുടെ മേൽനോട്ട ചുമതല വഹിച്ചിരുന്ന മുൻ നഗരസഭാ സെക്രട്ടറി ശ്രീമതി. ഷെർലാബീഗവും ഉത്തരവാദികളാണെന്നും PMAY പദ്ധതിയുടെ ഗുണഭോക്താവായിരുന്ന ശ്രീമതി. നൂർജ്ജഹാന് 4,00,000/- രൂപ മാത്രമാണ് അർഹത ഉണ്ടായിരുന്നതെങ്കിലും ടിയാൾക്ക് അന്യായ സാമ്പത്തിക ലാഭം ഉണ്ടാകുന്നതിനായി നാല് ലക്ഷത്തിന് പുറമേ 30,000/- രൂപ അധികമായി PMAY പദ്ധതിയുടെ അക്കൗണ്ടിൽ നിന്നും അനുവദിച്ചു നൽകിയതിന് ശ്രീ. വിഷ്ണു ചന്ദ്രനും മുൻ നഗരസഭാ സെക്രട്ടറി ശ്രീമതി.ഷെർലാ ബീഗവും ഉത്തരവാദികളാണെന്നും ശ്രീ.വിഷ്ണു ചന്ദ്രൻ എൽ. ഡി. ക്ലാർക്കായി ജോലി നോക്കി വരവെ നഗരസഭാ പരിധിയിലെ ഭൂനികുതിയിനത്തിലും മറ്റ് നികുതി വരുമാനവുമായി ലഭിച്ച ചെക്കുകൾ യഥാസമയം ബാങ്കിൽ ഹാജരാക്കി നഗരസഭയുടെ അക്കൗണ്ടിൽ പണം വരവ് വയ്ക്കുന്നതിൽ വീഴ്ച വരുത്തിയത് മൂലം നഗരസഭയ്ക്ക് പലിശ ഇനത്തിൽ 64,771/- രൂപ നഷ്ടം വരുത്തിയിട്ടുള്ളതായും ഇക്കാര്യത്തിൽ ശ്രീ. വിഷ്ണു ചന്ദ്രൻ, മുൻ നഗരസഭാ സെക്രട്ടറി ശ്രീമതി.ഷെർലാ ബീഗം, മുൻ അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ, നഗരസഭാ സൂപ്രണ്ട് ശ്രീ. മനോജ് കുമാർ എന്നിവർ ഉത്തരവാദികളാണെന്നും ശ്രീ. വിഷ്ണു ചന്ദ്രൻ 04.07.2019 മുതൽ ജോലിയ്ക്ക് ഹാജരാകാതെയും നഗരസഭയിൽ തൊഴിൽ നികുതി /വസ്തു നികുതി ഇനത്തിൽ ലഭിച്ച 8,20,345/- രൂപയുടെ ചെക്കുകൾ യഥാസമയം ബാങ്കിൽ കളക്ഷന് അയച്ചിട്ടില്ലാത്തതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും ടി ചെക്കുകൾ നഗരസഭയിൽ കൈമാറുന്നതിന് കുറ്റാരോപിതനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ടിയാൻ ആയത് നൽകിയിരുന്നില്ലെന്നും ടിയാൻ നഗരസഭയിൽ നടത്തിയ വിവിധ ക്രമക്കേടുകളിൽ ടിയാനെതിരെ നഗരസഭ സെക്രട്ടറി ശ്രീ. ഫൈസൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളാണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയ കരുനാഗപ്പള്ളി നഗരസഭയിലെ ക്ലാർക്ക് ശ്രീ. വിഷ്ണുചന്ദ്രൻ, മുൻ നഗരസഭാ സെക്രട്ടറിമാരായ ശ്രീമതി. ഷെർലാ ബീഗം.എസ്, ശ്രീ.ഫൈസൽ.എ, മുൻ അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ.ജെ, സൂപ്രണ്ട് ശ്രീ. മനോജ് കുമാർ.സി എന്നിവരിൽ നിന്ന് വിശദീകരണം വാങ്ങി നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ടി ഉദ്യോഗസ്ഥർ സമർപ്പിച്ച വിശദീകരണവും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ടി ഉദ്യോഗസ്ഥർക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു. കൂടാതെ ആരോപണ വിധേയനായ ക്ലാർക്ക് ശ്രീ.വിഷ്ണുചന്ദ്രനെതിരെ അനധികൃത ഹാജരില്ലായ്മയിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് അച്ചടക്ക നടപടി ആരംഭിച്ചതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയും ടിയാനെതിരായ നടപടി തുടരാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

4. നഗരസഭാ സെക്രട്ടറി ആയിരുന്ന ശ്രീമതി. ഷെർലാ ബീഗം.എസ് കുറ്റാരോപണ മെമ്മോ/പത്രിക 04.02.2025 തീയതിയിൽ കൈപ്പറ്റുകയും പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീമതി. സിന്ധു സുരേഷ് എന്ന ഗുണഭോക്താവിന് സമയബന്ധിതമായി തുക അനുവദിക്കുന്നില്ല എന്ന ആശങ്കയിൽ ടിയാൻ വിജിലൻസിന് നൽകിയ പരാതിയെ തുടർന്നാണ് ഇത്തരം ഒരു ആരോപണം ഉയർന്ന് വരാൻ ഇടവന്നിട്ടുള്ളതെന്നും എന്നാൽ ഇതര ഗുണഭോക്താക്കളുമായി താരതമ്യം ചെയ്യുമ്പോൾ ശ്രീമതി.സിന്ധു സുരേഷിന് തുക അനുവദിക്കുന്നതിൽ കാലദൈർഘ്യം ഉണ്ടായിട്ടില്ലെന്നും പരാതി ലഭിച്ചപ്പോൾ തന്നെ അത് പരിശോധിച്ച് അർഹമായ തുക ടി കക്ഷിക്ക് അനുവദിച്ചിട്ടുള്ളതാണെന്നും ശ്രീമതി. നൂർജഹാൻ എന്ന ഗുണഭോക്താവിന് നഗരസഭയിൽ നിന്നും പി എഫ് എം എസ് മുഖേന നൽകിയ ബില്ലിൽ നാല് ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും സാക്ഷ്യപ്പെടുത്തി നൽകിയ ബില്ലിൽ യാതൊരു അപാകതയും ഉണ്ടായിട്ടില്ലെന്നും എന്നാൽ ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്ന സമയത്ത് ഓരോ ഗുണഭോക്താവിനും അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തപ്പോൾ ബാങ്കിൽ ഉണ്ടായ സാങ്കേതിക പിഴവ് മൂലം സമാന പേരുള്ള ഒരാളിലേക്ക് തുക മാറിപ്പോയതായും എന്നാൽ ടി പിശക് കണ്ടെത്തിയപ്പോൾ തന്നെ ആയത് പരിശോധിച്ചതിൽ അപാകത വന്നിട്ടില്ല എന്നു ഉറപ്പ് വരുത്തിയിട്ടുള്ളതാണെന്നും ക്ലാർക്ക് ശ്രീ.വിഷ്ണു ചന്ദ്രനുമായി ബന്ധപ്പെട്ട അപാകത കണ്ടെത്തിയപ്പോൾ തന്നെ പ്രസ്തുത ചെക്കുകൾ പൂർണമായും റീവാലിഡേറ്റ് ചെയ്തിട്ടുള്ളതും വിവിധ ഇനത്തിൽ ലഭിക്കേണ്ട 8,20,345/- രൂപ നഗരസഭ അക്കൗണ്ടിൽ മുതൽ കൂട്ടുകയും ടിയാനെതിരെ വിവിധതലത്തിൽ മെമ്മോ നോട്ടീസ് നൽകി 64,771/- രൂപ പലിശയിനത്തിൽ തിരികെ ഈടാക്കിയിട്ടുള്ളതുമാണെന്നും ശ്രീ.വിഷ്ണു ചന്ദ്രൻ ന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കണ്ടെത്തി യഥാസമയം തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതും ടി വിവരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണെന്നും ടി വിഷയത്തിൽ സെക്രട്ടറി എന്ന നിലയിൽ യഥാസമയം നടപടികൾ സ്വീകരിച്ചിട്ടുള്ളതായും മന:പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും ശ്രീമതി. ഷെർലാ ബീഗം.എസ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ വിശദീകരിക്കുന്നു.

5. സൂപ്രണ്ട് ആയിരുന്ന ശ്രീ. മനോജ് കുമാർ.സി കുറ്റാരോപണ മെമ്മോ/പത്രിക കൈപ്പറ്റുകയും പരാമർശം (6) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. നഗരസഭയിൽ വിവിധ ഫീസുകളും നികുതി ഇനത്തിലും ലഭിക്കുന്ന ചെക്കുകൾ അതാത് സെക്ഷനുകളിൽ കാഷ്യർക്ക് കൈമാറുകയും കാഷ്യർ ടി ചെക്കുകൾ രജിസ്റ്ററിൽ ചേർത്ത് നഗരസഭ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ വാങ്ങിയാണ് ബാങ്ക്/ട്രഷറിയിൽ സമർപ്പിച്ചിരുന്നതെന്നും ആയതിനാൽ 2018-19 ഏപ്രിൽ മുതൽ ലഭിച്ച ചെക്കുകൾ കളക്ഷനായി നഗരസഭ ഫണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്നത് പരിശോധിച്ചു വരവെയാണ് 2019 ഫെബ്രുവരി - മാർച്ച് മാസങ്ങളിലെ ചെക്കുകളിലെ തുക തനത് ഫണ്ടിൽ വരവ് വന്നിട്ടില്ലായെന്ന് കണ്ടെത്തുകയും 20/06/2019 ൽ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും ആയതിനെ തുടർന്ന് G1/R2/9936/19 ഫയൽ പ്രകാരം ശ്രീ. വിഷ്ണു ചന്ദ്രൻ എന്ന ക്ലാർക്കിന്റെ വിശദീകരണം വാങ്ങുന്നതിന് നടപടി സ്വീകരിച്ചിരുന്നതായും തുടർന്ന് ശ്രീ. വിഷ്ണു ചന്ദ്രൻ, ക്ലാർക്ക് അനധികൃതമായി ജോലിക്ക് ഹാജരായിരുന്നില്ലെന്നും ടി ചെക്കുകൾ കണ്ടെത്തി നൽകുന്നതിൽ ടിയാനെ പല പ്രാവിശ്യം ഫോണിലും നേരിട്ടും ബന്ധപ്പെട്ടുവെങ്കിലും ടിയാൻ ഓഫീസുമായി ബന്ധപ്പെടുകയോ കളക്ഷന് അയച്ച ചെക്കുകൾ തിരികെ നൽകുകയോ ചെയ്തിട്ടില്ലെന്നും ടി വിഷയത്തിൽ നടപടികൾക്കായി കരുനാഗപ്പള്ളി പോലീസ് ഇൻസ്പെക്ടർക്ക് 31/10/2019 ൽ കത്ത് നൽകിയിരുന്നതായും തുടർന്ന് പല പാവശ്യം പോലിസ് സ്റ്റേഷനുമായി ബന്ധപ്പെട്ടുവെങ്കിലും

പണാപഹരണം നടത്തിയിട്ടില്ല എന്നതിനാൽ പോലിസ് നടപടികൾക്ക് കഴിയില്ലായെന്ന് എസ്.എച്ച്.ഒ നേരിൽ അറിയിച്ചിരുന്നതായും ചെക്കുകൾ നൽകിയ സ്ഥാപനങ്ങളെയും വ്യക്തികളെയും നേരിട്ട് കണ്ട് സംസാരിക്കുകയും ടിയാളുകളുടെ അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി മുഖേന കത്തുകൾ നൽകി പുതിയ ചെക്കുകൾ വാങ്ങി നികുതിതുക നഗരസഭ ഫണ്ടിൽ അടവ് വരുത്തുകയും ചെയ്തിട്ടുള്ളതാണെന്നും കളക്ഷൻ നടത്തിയ 8,20,345/- രൂപയ്ക്ക് ലഭിക്കേണ്ട 18% നിരക്കിലുള്ള പലിശ 64,771/- രൂപ 27/11/2019 ൽ 107194 രസീത് പ്രകാരം ടിയാനിൽ നിന്ന് ഈടാക്കുകയും ചെയ്തിട്ടുള്ളതാണെന്നും ടി വിഷയത്തിൽ മനഃപൂർവമായ യാതൊരു വീഴ്ചയും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ കുറ്റാരോപണ മെമ്മോ പ്രകാരമുള്ള നടപടികളിൽനിന്നും ഒഴിവാക്കണമെന്നും ശ്രീ. മനോജ് കുമാർ.സി പ്രതിവാദ പത്രികയിൽ ആവശ്യപ്പെടുന്നു.

6. അക്കൗണ്ടന്റ് ആയിരുന്ന ശ്രീമതി. സിൽവിയ.ജെ കുറ്റാരോപണ മെമ്മോ/പത്രിക 29.01.2025 തീയതിയിൽ കൈപ്പറ്റുകയും പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. കരുനാഗപ്പള്ളി നഗരസഭയിൽ സീനിയർ ക്ലാർക്ക് ആയി 08/2014 മുതൽ 09/2019 വരെ ജോലി ചെയ്തിരുന്നതായും ടി കാലയവിനുള്ളിൽ അക്കൗണ്ട്സ് സെക്ഷൻ കൈകാര്യം ചെയ്തിരുന്നതായും നഗരസഭകളിൽ അക്കൗണ്ടന്റ് പോസ്റ്റ് അനുവദിക്കപ്പെടാത്തതിനാൽ അക്കൗണ്ട്സിലെ പേയ്മെന്റ് ചുമതലകൾ മാത്രമാണ് അനുവദിച്ചിരുന്നതെന്നും സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം ഒരു പേയ്മെന്റിന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വരുന്ന ബില്ലുകൾ എൻട്രി വരുത്തി തുകകൾ അനുവദിക്കുന്ന നടപടികൾ മാത്രമാണ് ചുമതലപ്പെട്ടിരുന്നതെന്നും റവന്യൂ വരുമാനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ചെക്കുകൾ അതാത് സെക്ഷനുകളിൽ നിന്ന് ഡിമാന്റ് ചെയ്ത് കാഷ്യർക്ക് കൈമാറുകയാണ് മിക്ക നഗരസഭകളിലും ചെയ്തുവരുന്നതെന്നും കരുനാഗപ്പള്ളി നഗരസഭയിലും തൊഴിൽ നികുതി, വസ്തു നികുതി ഇനത്തിൽ വരുന്ന ചെക്കുകൾ ഡിമാന്റ് ചെയ്ത് കാഷ്യർക്ക് കൈമാറി കാഷ്യർ ആയത് ബാങ്കിലേക്ക് നൽകുകയും ആണ് ചെയ്യുന്നതെന്നും അത്പ്രകാരം ശ്രീ.വിഷ്ണു ചന്ദ്രൻ നികുതി ഇനത്തിൽ ലഭിച്ച ചെക്കുകൾ ബാങ്കിലേക്ക് സമർപ്പിക്കാതെ ഇരുന്നതിനാലാണ് ടി ചെക്കുകൾ യഥാസമയം ക്രെഡിറ്റ് ചെയ്യപ്പെടാതെ പോയതെന്നും ആയത് സംബന്ധിച്ച് യാതൊരു അറിവും നഗരസഭയിലെ നടപടിക്രമം അനുസരിച്ച് അക്കൗണ്ടന്റിന്റെ അറിവിലേക്ക് വരാത്ത രീതിയിലാണ് ഓഫീസ് പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളതെന്നും ആകയാൽ ആരോപിക്കപ്പെടുന്ന കൃത്യനിർവഹണ വീഴ്ച ടിയാളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും മെമ്മോയുടെ തുടർനടപടികളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്നും ശ്രീമതി. സിൽവിയ.ജെ സമർപ്പിച്ച പ്രതിവാദ പത്രികയിൽ വിശദീകരിക്കുന്നു.

7. നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. ഫൈസൽ.എ കുറ്റാരോപണ മെമ്മോ/പത്രിക 25.01.2025 തീയതിയിൽ കൈപ്പറ്റുകയും പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ. വിഷ്ണു ചന്ദ്രനെതിരെ ആരോപിക്കപ്പെടുന്ന പ്രസ്തുത ക്രമക്കേട് നടന്നത് 2017-18, 2018-19 (2019 ഏപ്രിൽ വരെയുള്ള) കാലയളവിലാണെന്നും എന്നാൽ ആയതിന് 10 മാസങ്ങൾക്ക് ശേഷം 07/12/2019 തീയതിയിലാണ് കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയായി ചുമതലയേൽക്കുന്നതെന്നും ടി സമയത്ത് ശ്രീ. വിഷ്ണു ചന്ദ്രൻ അനധികൃത ഹാജരില്ലായ്മയിൽ ആയിരുന്നുവെന്നും തുടർന്ന് ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ശ്രീ. വിഷ്ണു ചന്ദ്രനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള 05.11.2024 ലെ

LSGD/PD1635/23/VIG A4 നമ്പർ ഉത്തരവിൽ ആദ്യത്തെ പരാമർശമായി സൂചിപ്പിച്ചിരിക്കുന്നത് തന്റെ ശിപാർശ ആകയാൽ ടി വിഷയത്തിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലായെന്നും ശ്രീ. വിഷ്ണു ചന്ദ്രൻ ക്രമക്കേട് നടത്തി എന്ന ആരോപണം ഉന്നയിച്ചതിനെ തുടർന്ന് ടിയാനെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട കാലയളവിലെ നഗരസഭാ സെക്രട്ടറി 31.10.2019 ൽ G1/12940/2012 നമ്പർ കത്ത് പ്രകാരം കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് പരാതി നൽകിയിരുന്നുവെന്നും IPC Sec 380, 409 എന്നിവ പ്രകാരം കേസ് ചാർജ്ജ് ചെയ്യണമെങ്കിൽ പണാപഹരണം, സാമ്പത്തിക ക്രമക്കേട് എന്നിവ ഉണ്ടായിരിക്കണമെന്നതിനാൽ ഈ വിഷയത്തിൽ ആയത് ഉണ്ടായിട്ടില്ലായെന്നാണ് പോലീസ് സ്വീകരിച്ച നിലപാടെന്നും നിരവധി തവണ മെമ്മോയും നോട്ടീസുകളും ടി ജീവനക്കാരന് നൽകിയെങ്കിലും യാതൊരു പ്രതികരണവും ഉണ്ടായിരുന്നില്ലെന്നും ആയതിനെ തുടർന്നാണ് ടി ജീവനക്കാരനെ സസ്പെന്റ് ചെയ്യുകയും സർവ്വീസിൽ നിന്ന് പിരിച്ചുവിടുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതെന്നും എന്നാൽ ടി നടപടികൾക്ക് സമാന്തരമായി പോലീസിന് നൽകിയ പരാതിയിൽ തുടർനടപടി സ്വീകരിക്കാതെ പോലീസ് മേൽ സൂചിപ്പിച്ച നിലപാടുകൾ സ്വീകരിച്ചത് നഗരസഭാ സെക്രട്ടറിയുടെ വീഴ്ചയായി വിലയിരുത്താനാവില്ലെന്നും കൂടാതെ ശ്രീ. വിഷ്ണു ചന്ദ്രൻ രജിസ്റ്ററിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തിയത് മൂലവും ചെക്കുകളും ഡി.ഡി-കളും യഥാസമയം ട്രഷറിയിൽ ക്രഡിറ്റ് ചെയ്യുന്നതിന് സമർപ്പിക്കാതിരുന്നത് മൂലവും ഉണ്ടായ നഷ്ടങ്ങുകകൾ ഈടാക്കുന്നതിന് ടിയാന് നോട്ടിസ് നൽകി പലിശ ഇനത്തിലുള്ള തുക ഈടാക്കിയത് താൻ നഗരസഭ സെക്രട്ടറിയായി ചുമതല വഹിച്ച കാലയളവിലാണെന്നും ശ്രീ. ഫൈസൽ സമർപ്പിച്ച പ്രതിവാദ പത്രികയിൽ വിശദീകരിക്കുന്നു.

8. മുൻ നഗരസഭാ സെക്രട്ടറിമാരായ ശ്രീമതി. ഷെർലാ ബീഗം.എസ്, ശ്രീ.ഫൈസൽ.എ ,മുൻ അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ.ജെ , നഗരസഭാ സൂപ്രണ്ട് ശ്രീ. മനോജ് കുമാർ.സി എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. നഗരസഭയ്ക്കോ സർക്കാരിനോ നഷ്ടം സംഭവിച്ചിട്ടില്ല എങ്കിലും ശ്രീമതി ഷെർലാബീഗത്തിന് മേൽനോട്ട പിശക് ഉണ്ടായിട്ടുണ്ടെന്നും ഒരു ഗുണഭോക്താവിന് 30,000/- രൂപ അധികം നൽകിയതിലും ചെക്കുകളും ഡ്രാഫ്റ്റുകളും യഥാസമയം ബാങ്കിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതിലും ടിയാൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഫയലുകളും രജിസ്റ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി യഥാസമയം സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നതിൽ നഗരസഭ സൂപ്രണ്ട് എന്ന നിലയിൽ ശ്രീ. മനോജ് കുമാർ സി-യ്ക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതാണെന്നും ഗുണഭോക്താവിന് 30000/- രൂപ അധികം നൽകിയതിലും ചെക്കുകളും ഡ്രാഫ്റ്റുകളും യഥാസമയം ബാങ്കിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതിലും ടിയാന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. നികുതി വരുമാനവുമായി ബന്ധപ്പെട്ട ചെക്കുകൾ റീവാലിഡേറ്റ് ചെയ്ത് നഗരസഭയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാലും പലിശ ഇനത്തിൽ നഷ്ടം വന്ന 64771/- രൂപ ശ്രീ വിഷ്ണു ചന്ദ്രൻ നഗരസഭയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുള്ളതിനാലും മേൽ വിഷയത്തിൽ നഗരസഭയ്ക്കോ സർക്കാരിനോ സാമ്പത്തിക നഷ്ടമുള്ളതായി കാണുന്നില്ലെന്നും ആയതിനാൽ ശ്രീമതി. സിൽവിയ.ജെ- യെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും കുറ്റാരോപണ മെമ്മോയിലെ ആരോപണത്തിന് ആധാരമായ ക്രമക്കേട് നടത്തിയ ജീവനക്കാരനെതിരെ തുടർനടപടികൾ സ്വീകരിച്ചില്ല എന്ന ആരോപണം വസ്തുതാപരമായി തെറ്റാണെന്നും ശ്രീ. ഫൈസൽ.എ ടി വിഷയത്തിൽ അനന്തരനടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ടിയാനെ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ കരുനാഗപ്പള്ളി നഗരസഭയിലെ ക്ലാർക്ക്/ബിൽ കളക്ടർ

തസ്തികയിൽ സേവനമനുഷ്ഠിച്ച് നിലവിൽ അനധികൃത ഹാജരില്ലായ്മയിൽ ആയതിനെ തുടർന്ന് ശ്രീ. വിഷ്ണു ചന്ദ്രൻ.സി യെ KCS (CCA) Rules, Rule 11(1)(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട്(Removal from service) ഉത്തരവ് പുറപ്പെടുവിച്ചതായും പ്രൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

9.കരുനാഗപ്പള്ളി നഗരസഭയിലെ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടും മുൻ നഗരസഭാ സെക്രട്ടറിമാരായ ശ്രീമതി. ഷെർലാ ബീഗം.എസ്, ശ്രീ.ഫൈസൽ.എ ,മുൻ അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ.ജെ , നഗരസഭാ സൂപ്രണ്ട് ശ്രീ. മനോജ് കുമാർ.സി എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. PMAY ഗുണഭോക്താവിന് 30000/- രൂപ അധികം നൽകിയതിലും ചെക്കുകളും ഡ്രാഫ്റ്റുകളും യഥാസമയം ബാങ്കിൽ സമർപ്പിക്കുന്നതിലും നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീമതി ഷെർലാബീഗത്തിന് മേൽനോട്ട വീഴ്ച ഉണ്ടായതായും ഫയലുകളും രജിസ്റ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി യഥാസമയം സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നതിലും ഗുണഭോക്താവിന് 30000/- രൂപ അധികം നൽകിയതിലും ചെക്കുകളും ഡ്രാഫ്റ്റുകളും യഥാസമയം ബാങ്കിൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതിലും നഗരസഭ സൂപ്രണ്ട് എന്ന നിലയിൽ ശ്രീ. മനോജ് കുമാർ.സി ഉത്തരവാദിയാണെന്നും കാണുന്നു. കൂടാതെ നഗരസഭ സെക്രട്ടറി ശ്രീ. ഫൈസൽ. എ, അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ.ജെ എന്നിവർക്ക് ടി വിഷയത്തിൽ വീഴ്ച സംഭവിച്ചതായി കാണുന്നില്ല. ചെക്കുകളും ഡ്രാഫ്റ്റുകളും യഥാസമയം ബാങ്കിൽ കൃത്യമായി സമർപ്പിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് എല്ലാ മാസവും bank reconciliation നടത്തിയിരുന്നുവെങ്കിൽ ടി ക്രമക്കേട് യഥാസമയം കണ്ടെത്താമായിരുന്നു.

10. ആയതിനാൽ കരുനാഗപ്പള്ളി നഗരസഭയിലെ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട ആരോപണത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മുൻ നഗരസഭാ സെക്രട്ടറിമാരായ ശ്രീമതി. ഷെർലാ ബീഗം.എസ്(PEN 743663), ശ്രീ.ഫൈസൽ.എ(PEN 839939) , മുൻ അക്കൗണ്ടന്റ് ശ്രീമതി. സിൽവിയ.ജെ , നഗരസഭാ സൂപ്രണ്ട് ശ്രീ. മനോജ് കുമാർ. സി എന്നിവർക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ശ്രീമതി ഷെർലാബീഗം.എസ്, ശ്രീ. മനോജ് കുമാർ.സി എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും ശ്രീ. ഫൈസൽ. എ, ശ്രീമതി. സിൽവിയ.ജെ എന്നിവരെ നടപടികളിൽനിന്നും ഒഴിവാക്കിയും അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (എഫ്) വകുപ്പ്(02.11.2022 തീയതിയിലെ VIG-F1/186/2022-VIG നമ്പർ കത്തിന്റെ

അടിസ്ഥാനത്തിൽ )

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/242/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 18-10-2025 10:50:38

സെക്ഷൻ ഓഫീസർ